**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 537 29.06.15-ലെ മറുപടിക്ക്**

**"ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | 2014-15 വർഷത്തിൽ സംസ്ഥാനത്തെ വിവിധ വാണിജ്യ നികുതി ചെക്കുപോസ്റ്റുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിനത്തിലെ വരുമാനത്തിൽ എത്ര രൂപയുടെ ചോർച്ച യാണ് വാണിജ്യ നികുതി ഇന്റലിജൻസ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും വരുകയും പോവുകയും ചെയ്യുന്ന സാധനങ്ങളുടെ വിവരശേഖരമാണ് ചെക്ക്പോസ്റ്റിന്റെ പ്രധാന ദൗത്യം. ഇതോടൊപ്പം നിയമപരമായ രേഖകളില്ലാതെ കൊണ്ടുവരുന്ന ചരക്കുകളിന്മേൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുകയും മുൻകൂർ നികുതിയുള്ള സാധനങ്ങളിന്മേൽ advance tax പിരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ വാണിജ്യ നികുതിനിയമം അനുശാസിക്കുന്ന മതിയായ രേഖകൾ ഇല്ലാതെയും രേഖകളിലെ തെറ്റുകൾ നിമിത്തവും ജാമ്യത്തുക പിഴ എന്നീയിനങ്ങളിൽ 4.97 കോടി രൂപ ഈടാക്കിയിട്ടുണ്ട്. |
| (ബി) | ചെക്ക്പോസ്റ്റുകളിൽ നടക്കുന്ന അഴിമതിയുടെ ഭാഗമായിട്ടാണോ ഇത്തരത്തിൽ നികുതി ചോർച്ച ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) & (സി) | ചെക്ക്പോസ്റ്റുകളിൽ മുൻകൂർ നികുതി അല്ലാതെ മറ്റു നികുതികൾ പിരിക്കുന്നില്ല. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കി. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ താമസിയാതെ നടപ്പിലാക്കും. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യ |
| (സി) | നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും.<br><br>ചെക്ക്പോസ്റ്റിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റ് ടേക്ക് ഓവർ, ഓവർചെക്കിംഗ് എന്നിവ സമയബന്ധിതമായി നടത്തുന്നുണ്ട്.<br><br>ഇതിന്റെ പ്രവർത്തന പുരോഗതി ഉന്നത ഉദ്യോഗസ്ഥരുടെ പ്രതിമാസ കോൺഫറൻസിൽ വിശദമായി പരിശോധിക്കുന്നുണ്ട്.<br><br>ചെക്ക്പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക്പോസ്റ്റിൽ അഴിമതി കാട്ടിയെന്നു പ്രഥമദൃഷ്ട്യാ തെളിവു ലഭിക്കുന്ന കേസുകളിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ച ശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈം ഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**